**14-ാം കേരള നിയമ സഭ**

**11-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 273** **20-06-2018 -ൽ മറുപടിയ്ക്ക്**

**ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ**<br>**ശ്രീ. എ. എൻ. ഷംസീർ**<br>**ശ്രീ. ആർ. രാജേഷ്**<br>**ശ്രീ. പി.കെ ശശി** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ അറിയിക്കാമോ; മുൻ സർക്കാർ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ജില്ല/ജനറൽ ആശുപത്രികളെ പേരുമാറ്റി മെഡിക്കൽ കോളേജ് ആക്കിയവയിൽ വിദ്യാർത്ഥി പ്രവേശനത്തിന് മെഡിക്കൽ കൗൺസിൽ അനുമതി നിഷേധിക്കാനിടയാക്കിയ സ്ഥിതി പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (എ) വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു. |
| (ബി) മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ നിലവിലുണ്ട്. |
| (സി) വയനാട് മെഡിക്കൽ കോളേജിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; സമഗ്ര വികസനത്തിനായുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കി അതിന്റെയടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ; | (സി) വയനാട് മെഡിക്കൽ കോളേജിന്റെ നിർമാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ടി മെഡിക്കൽ കോളേജിന് വേണ്ടിയുള്ള അക്സസ് റോഡിന്റെയും,ഇന്റേണൽ റോഡിന്റെയും നിർമാണത്തിനായി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി മെഡിക്കൽ കോളേജിന്റെ നിർമാണ പ്രവർത്തനത്തിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി മെഡിക്കൽ |

| | | | |
|---|---|---|---|
| | | | കോളേജിന്റെ വികസന പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി 6,25,38,52,931/-രൂപയുടെ പദ്ധതി ഇൻകെൽ ലിമിറ്റഡിന്റെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കിഫ് ബി ധനസഹായം മുഖേന നടത്താൻ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | വടക്കേ മലബാറിലെ രോഗികളുടെ ആശ്രയമായ പരിയാരം സഹകരണ മെഡിക്കൽ കോളേജിനെ സർക്കാർ ഏറ്റെടുക്കുന്നതിന്റെ വിശദാംശം അറിയിക്കാമോ; സ്ഥാപന ശാക്തീകരണത്തിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | അക്കാദമി ഓഫ് മെഡിക്കൽ സയൻസ്, പരിയാരം, കോപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് എന്നീ സ്ഥാപനങ്ങൾ ഏറ്റെടുത്തു കൊണ്ടുള്ള 2018-ലെ 33-ാം നമ്പർ ഓർഡിനൻസ് ഉടൻ പ്രാബല്യത്തിൽ 2018-ഏപ്രിൽ 14-ാം തീയതിയിലെ 973-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അക്കാദമി ഓഫ് മെഡിക്കൽ സയൻസ്, പരിയാരം, കോപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് എന്നീ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുത്ത് നിലവിൽ ബോർഡ് ഓഫ് കൺട്രോളിന്റെ കീഴിൽ പ്രവർത്തിച്ച വരുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നതിന്റെ ഭാഗമായി തിരുവനന്തപുരം/എറണാകുളം മെഡിക്കൽ കോളേജുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് യഥാക്രമം 717.29,3,6875 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരമായി. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

മെഡിക്കൽ കോളേജുകളിൽ ആർദ്രം പദ്ധതി നടപ്പാക്കുന്നതിനായി 51.81 കോടി രൂപയുടെ ഭരണാനുമതി നൽകി. അതിൽ ആദ്യ ഗഡു ആയി 12.92 കോടി രൂപ അനുവദിച്ചു. തിരുവനന്തപുരം എസ്.എ.റ്റി യിൽ ആർദ്രം പദ്ധതി ആരംഭിച്ചു. അടുത്ത ഘട്ടത്തിൽ 38.89 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മെഡിക്കൽ കോളേജുകളിൽ ആർ.സി.സി മോഡൽ ചികിൽസ നൽകുന്നതിനായി സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോ പാത്തോളജി എന്നിവ തുടങ്ങുന്നതിനു തീരുമാനിക്കുകയും, അതിലേയ്ക്കായി 105 തസ്തിക സൃഷ്ടിക്കുകയും ചെയ്തു.

കൊല്ലം പാരിപ്പള്ളിയിൽ പുതുതായി മെഡിക്കൽ കോളേജ് ആരംഭിച്ചു. ഇതിലേയ്ക്ക് 473 തസ്തികകൾ സൃഷ്ടിച്ചു. കഴിഞ്ഞ വർഷം 100 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ് ന് പ്രവേശനം നൽകി.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ പ്രാഥമിക ഘട്ടം പൂർത്തീകരിച്ചു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തി.

ആധുനിക മരുന്നു സംഭരണ ശാലകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

സ്റ്റാഫ് നഴ്സിന്റെ പാറ്റേൺ പുതുക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾക്കായി 721 സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിച്ചു.

കേരളത്തിൽ ആദ്യമായി ഡി.എം എൻഡോക്രൈനോളജി കോഴ്സിന് എം.സി.ഐ യിൽ നിന്നും അംഗീകാരം നേടിയെടുത്തു. തിരുവനന്തപുരം മെഡിക്കൽ കോളേജിന് 2 സീറ്റിന് അംഗീകാരം നേടി കോഴ്സ് ആരംഭിച്ചു.

ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡി.എം നെഫ്രോളജി ക്കു 2 സീറ്റിനു അംഗീകാരം നേടി കോഴ്സ് ആരംഭിച്ചു കേരളത്തിലാദ്യമായി കോട്ടയം ദന്തൽ കോളേജിൽ പബ്ലിക് ഹെൽത്ത് ദന്തിസ്റ്റി എം.ഡി കോഴ്സ് ആരംഭിച്ചു.

കേരളത്തിലാദ്യമായി കോട്ടയം മേഡിക്കൽ കോളേജിൽ ഭിന്ന ലിംഗക്കാർക്കു മാത്രമായി ഒ.പി സവിധാനം ആരംഭിച്ചു.

കാൻസർ ചികിത്സയ്ക്കായി 48 കോടി രൂപ ചെലവിൽ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിന് അനുമതി നൽകി. കാൻസർ ചികിത്സ വിഭാഗത്തിൽ തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ എന്നിവിടങ്ങളിൽ 7.5 കോടി രൂപയ്ക്കു ടെലി കോബാൾട് മെഷീൻ സ്ഥാപിക്കുന്നതിന് അനുമതി നൽകി.

കേരളത്തിൽ ആദ്യമായി ഡെന്റൽ വിഭാഗത്തിൽ തിരുവനന്തപുരം ഡെന്റൽ കോളേജിനോടനുബന്ധിച്ചു സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് ഡെന്റൽ ടെക്നോളജി ആരംഭിക്കുന്നതിനു അനുമതി നൽകി.

കേരളത്തിൽ ആദ്യമായി ബി.സ്.സി ഡയാലിസിസ് ടെക്നോളജി കോഴ്സ് ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിനു അനുമതി നൽകി.

2018-19 സാമ്പത്തിക വർഷത്തിൽ ഈ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തിനായി ബജറ്റിലും ബജറ്റിതരമായും ആകെ 454.8307 കോടി രൂപ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജികളിലേക്ക് 4 കോടി രൂപ വീതം ചെലവഴിച്ച് CT Simulator വാങ്ങുന്നതിനും (ആകെ 12 കോടി), കോട്ടയം മെഡിക്കൽ കോളേജിലേക്ക് 2 കോടി രൂപയ്ക്ക് MRI Scan ഉം 3.30 കോടി രൂപയ്ക്ക് DSA മെഷീൻ വാങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് 1.60 കോടി രൂപ ചെലവഴിച്ചു കൊണ്ട് CT Scanner വാങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. Molecular Diagnostic Facility ക്രമീകരിക്കുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജിന് 1.20 കോടി രൂപയ്ക്കും ഈ സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

**തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്** ഉൽകൃഷ്ട സ്ഥാപനം (Centre of Excellence) ആയി ഉയർത്തുന്ന പരിപാടിയുടെ ഭാഗമായി പുതിയ ഒ.പി., കാഷ്വാലിറ്റി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആർദ്രം, ഇ-ഹെൽത്ത് എന്നീ പദ്ധതികളുടെ പ്രവർത്തനവും നടന്നു വരുന്നു.

എസ്.എ.റ്റി ആശുപത്രിയിലെ കുട്ടികളുടെ വിഭാഗം ഉൽകൃഷ്ട സ്ഥാപനമായി ഉയർത്തുന്നതിന്റെ ഭാഗമായി ഒ.പി ട്രാൻസ്ഫർമേഷൻ പണികൾ പൂർത്തിയായി വരുന്നു.

എസ്.എ.ടി ആശുപത്രിയിൽ മാത്രമായിരുന്ന പീഡിയാട്രിക് കാർഡിയോളജി വിഭാഗം വിപുലപ്പെടുത്തുന്നതിന്റെ ഭഗമായി 6 കോടി രൂപ ചെലവ് വരുന്ന കാത്ത് ലാബ് അനുവദിച്ചു. പീഡിയാട്രിക് നെഫ്രോളജി ഡിപ്പാർട്ട്മെന്റിന് പുതിയ വാർഡ് ഉത്ഘാടനം ചെയ്തു. വൃക്ക രോഗമുള്ള കുട്ടികൾക്ക് ഹീമോഡയാലിസിസ് പെരിട്ടോണിയൽ ഡയാലിസിസ്, റീനൽ ബയോപ്സി എന്നിവ ചെയ്യുന്നു.

നവജാത ശിശുക്കളുടെയും, 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെയും, ഗർഭസ്ഥ ശിശുക്കളുടെയും ഹൃദ്രോഗ നിർണ്ണയത്തിന് 82 ലക്ഷം ചെലവ് വരുന്ന എക്കോ കാർഡിയോ ഗ്രാഫി മെഷീൻ സേവനം ലഭ്യമാക്കി.

മെഡിക്കൽ കോളേജിൽ ലെവൽ 2 ട്രോമോ കെയർ സംവിധാനം ഏർപ്പെടുത്തുവാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. 12 കോടിയോളം രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചു. 22 കോടിയോളം രൂപയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അതോടൊപ്പം ഇന്റർവെൻഷണൽ റേഡിയോളജി സൗകര്യം ഒരുക്കുന്നതിനു വേണ്ടി പുതിയ ഡി.എസ്.എ മെഷീൻ പ്രവർത്തനമാരംഭിച്ചു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനക്ഷമം ആക്കുന്നതിനായി 550 ലക്ഷം രൂപ അനുവദിച്ചു. അതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഇ-ഹെൽത്ത് പദ്ധതി പ്രകാരം രോഗികളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഒ.പി. യിൽ ടോക്കൺ സംവിധാനവും, അപ്പോയിന്റ്മെന്റ് സംവിധാനവും ഏർപ്പെടുത്തി. 5 കോടി രൂപ ചെലവിൽ കാർഡിയോളജി വിഭാഗത്തിൽ രണ്ടാമത്തെ കാത്ത് ലാബ് ആരംഭിച്ചു.

**കോട്ടയം മെഡിക്കൽ കോളേജിന്റെ** അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 ൽ 42.98 കോടി രൂപയും, 2017-18 ൽ 15.80 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. Casualty Block, Pharmacy College എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. കാർഡിയോളജി വിഭാഗത്തിൽ 4.82 കോടി രൂപ ചെലവിൽ രണ്ടാമത്തെ കാത്ത് ലാബ് സ്ഥാപിക്കുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

മെഡിക്കൽ കോളേജിൽ RSBY ഫണ്ടിൽ നിന്നും 10.6 കോടി രൂപ ചെലവഴിച്ചു പുതിയ സി.ടി സ്കാനറിനും, ന്യൂറോ സർജറി, ട്രോമാ കെയർ എന്നീ വിഭാഗങ്ങളുടെ വികസനവും നടത്തി. അത്യാഹിത വിഭാഗം പുതിയ ബ്ലോക്കിനായി 16 കോടി അനുവദിക്കുകയും താഴത്തെ നിലയുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കുകയും ഉത്ഘാടനം നടത്തുകയും ചെയ്തു. മുകളിലത്തെ

നിലകളുടെ പണി പൂർത്തികരിച്ചു കൊണ്ടിരിക്കുന്നു.

ലോ എനർജി ലീനിയർ ആക്സലറേറ്റർ സ്ഥാപിക്കുന്നതിനായി 12 കോടിയോളം അനുവദിക്കുകയും അതനുസരിച്ച് കെ.എം.സി.എൽ ടെണ്ടർ ചെയ്തു പർച്ചേസ് ഓർഡർ കൊടുത്തു. മെഷീൻ സ്ഥാപിക്കുന്നതിനുള്ള ബങ്കറിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ഇന്റേണൽ റോഡ് നവീകരണത്തിനായി 5.4 കോടി അനുവദിച്ചു. പി.ഡബ്ല്യൂ.ഡി ഡീറ്റയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു.

കോട്ടയം കുട്ടികളുടെ ആശുപത്രിയിൽ രണ്ട് ടോയ് ലറ്റ് ബ്ലോക്കുകളും, എന്റമിക് വാർഡ്, മെഡിക്കൽ വാർഡ്, ക്യാൻസർ വാർഡും എ, ബി, സി ബ്ലോക്കും കണക്ട് ചെയ്യുന്ന പാസ്സേജ് എന്നിവയ്ക്ക് 10 കോടി അനുവദിച്ചു. കുട്ടികളുടെ ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിലെ താഴത്തെ നിലയ്ക്ക് ആവശ്യമായ ഉപകരണങ്ങൾക്കായി 1.8 കോടി രൂപ അനുവദിച്ചു. ഇൻസിനേറ്ററിനായി ഒരു കോടി 25 ലക്ഷം അനുവദിക്കുകയും ഇൻസിനേറ്റർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തീകരിക്കുകയും ചെയ്തു.

ഗൈനക്കോളജി ബ്ലോക്കിന്റെ നവീകരണവുമായി ബന്ധപ്പെട്ട് നവീകരണ പ്രവർത്തനങ്ങൾക്കായി 28.1 കോടി രൂപ അനുവദിയ്ക്കുകയും ഈ തുക ഉപയോഗിച്ച് പ്രവർത്തനം നടത്തുകയും ചെയ്യുന്നു. ക്യാൻസർ വാർഡിനായി ഇലക്ട്രിക്കൽ വർക്ക്, വാർഡിന്റെ നവീകരണം, ഒ.പി നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 1.6 കോടി രൂപ അനുവദിച്ചു. റെസ്പിറേറ്ററി ഐ.സി.യു വിനായി 59 ലക്ഷം അനുവദിച്ചു. ഐ.സി.യു വിനുള്ള സ്ഥലം നവീകരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ന്യൂറോ സർജറി ഐ.സി.യു വിനായി 58.61 ലക്ഷം രൂപ അനുവദിക്കുകയും ട്യൂമർ ചികിത്സയ്ക്ക് സഹായകമായ രീതിയിൽ പ്രവർത്തനം നടക്കുകയും ചെയ്യുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ വിവിധ വിഭാഗങ്ങളിലായി 178 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിൽ ന്യൂനതകൾ പരിഹരിച്ച് വർദ്ധിപ്പിച്ച എം.ബി.ബി.എസ് സീറ്റുകളുടെ സ്ഥിര അംഗീകാരം പുന:സ്ഥാപിച്ചു നേടിയെടുത്തു.

**തൃശ്ശൂർ മെഡിക്കൽ കോളേജിൽ** ആദ്യമായി 8.60 കോടി രൂപ ചെലവഴിച്ചുകൊണ്ട് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് . ഇതിലേക്കായി 19 തസ്തികകളും , കാർഡിയോ തൊറാസിക് വിഭാഗം ആരംഭിക്കുന്നതിനായി 14 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

ഒരു കോടി രൂപ ചെലവഴിച്ചുകൊണ്ട് കേടായ ടെലികോബാൾട്ട് മെഷീൻ ഉപയോഗപ്രദമാക്കി ക്യാൻസർ രോഗികൾക്കായി റേഡിയേഷൻ ചികിത്സാ പുനഃസ്ഥാപിച്ചു. കീമോ ഡേ കെയർ സെന്റർ ക്യാൻസർ രോഗികൾക്കായി പണികഴിപ്പിച്ചു.

ആധുനികരീതിയിൽ സുരക്ഷാ നടപ്പാതകളോടുകൂടിയ റോഡുകൾ നിർമ്മിച്ച് സ്ട്രീറ്റ് ലൈറ്റുകൾ, ഹൈമാസ് റ്റ് ലൈറ്റുകൾ, സുരക്ഷാക്യാമറകൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി ( 9

കോടി) പുരോഗമിക്കുകയാണ്. ക്യാമ്പസ്സിൽ ആഭ്യന്തര ജല സ്രോതസുകൾ കണ്ടെത്തി, മഴവെള്ള കൊയ്ത്തിലൂടെ അവയെ ശക്തിപ്പെടുത്തി ജലവിതരണം കാര്യക്ഷമമാക്കുന്ന പദ്ധതി 6.75 കോടി രൂപയുടെ നബാർഡ് ധനസഹായത്തോടെ പൂർത്തിയായി വരുന്നു.

എം ബി ബി എസ് വിദ്യാർത്ഥികൾക്ക് കൂടുതൽ താമസ സൗകര്യം ഒരുക്കുന്നതിനായുള്ള രണ്ടു ഹോസ്റ്റൽ കെട്ടിടങ്ങളുടെ നിർമാണം 7 കോടി രൂപ ചിലവിൽ പുരോഗമിക്കുന്നുണ്ട്. പി ജി റെസിഡെൻസിനായി 5.40 കോടി രൂപ ചിലവിൽ 24 ക്വാർട്ടേഴ്സുകളുടെ പണി പൂർത്തിയായിട്ടുണ്ട്. 12.81 കോടി രൂപ ചിലവിൽ 56 ക്വാർട്ടേഴ്സുകളുടെ നിർമാണം പുരോഗമിക്കുന്നു.

ക്യാൻസർ രോഗ ചികിത്സാ ആധുനീകരിക്കുന്നതിന്റെ ഭാഗമായി ഈ മെഡിക്കൽ കോളേജിൽ 22.03 കോടി രൂപ ചെലവിൽ ലീനിയർ ആക്സിലറേറ്റർ, സി ടി സിമുലേറ്റർ എന്നിവ സ്ഥാപിക്കുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു. 2.25 കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ച ഈ മെഡിക്കൽ കോളേജിലെ രണ്ടാമത്തെ സി ടി സ്കാനർ പ്രവർത്തനമാരംഭിച്ചു.

**മഞ്ചേരി മെഡിക്കൽ കോളേജിൽ** റേഡിയോളജി ലബോറട്ടറി കോംപ്ലക്സ് ഫേസ് 1 (3 കോടി ), ക്ലിനിക്കൽ ബ്ലോക്ക് ഫേസ് 1& 2 ( 5 കോടി 20 ലക്ഷം), മോർച്ചറി കോംപ്ലക്സ് (40 ലക്ഷം), ശിശു വിഭാഗത്തിൽ നവീകരണ പ്രവർത്തനങ്ങൾ (1 കോടി 80 ലക്ഷം) എന്നീ നിർമ്മാണ പ്രവർത്തനങ്ങൾക്ക ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

മഞ്ചേരി മെഡിക്കൽ കോളേജിൽ കാൻസർ രോഗ നിർണ്ണയത്തിനുള്ള വിവിധ ഉപകരണങ്ങൾ വാങ്ങുവാനായി 99 ലക്ഷം രൂപ അനുവദിച്ചു. മഞ്ചേരി മെഡിക്കൽ കോളേജിൽ അൾട്രാ സൗണ്ട് മെഷീൻ, മാമോഗ്രാഫി മെഷീൻ, ആർത്രോസ്കോപ്പും അനുബന്ധ ഉപകരണങ്ങളും, ഇ.എൻ.ടി എച്ച്.ഡി.സെറ്റ് കമ്പ്യൂട്ടർ റേഡിയോഗ്രാഫി എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

Medical Council of India യുടെ അംഗീകാരം നേടിയെടുക്കുന്നതിന്റെ ഭാഗമായി 11.16 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ലേഡീസ് & മെൻസ് ഹോസ്റ്റൽ, ക്വാർട്ടേഴ്സ് എന്നിവ ഉൾപ്പെടുന്നു.

**എറണാകുളം മെഡിക്കൽ കോളേജിൽ** KIIFB-ൽ ഉൾപ്പെടുത്തി 368.75 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചു. ഇതിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, ഗൈനക്കോളജി ബ്ലോക്ക്, ഹോസ്റ്റൽ, ക്വാർട്ടേഴ്സ് എന്നിവ ഉൾപ്പെടുന്നു.

8 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ആശുപത്രിയുടെ സമഗ്ര നവീകരണത്തിനായി 12 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. നെഫ്രോ കാർഡിയോ, ന്യൂറോ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആരംഭിച്ചിട്ടുണ്ട്. പുതിയ ഉപകരണങ്ങൾക്കായി 644 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജിനായി 25 കോടി ഇമേജ് സെന്റർ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

**ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ** 173.18 കോടി രൂപ മുതൽ മുടക്കി PMSSY പദ്ധതി പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമാണം നടന്നു വരുന്നു.ഇതിൽ 120 കോടി രൂപ കേന്ദ്ര സഹായവും 53.18 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.2019 മാർച്ചിൽ ഈ പദ്ധതി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

നബാർഡ് ധനസഹായത്തോടെ 30 കോടി രൂപ മുതൽമുടക്കിൽ ഗൈനക്കോളജി വിഭാഗത്തിനായി ഒരു പുതിയ കെട്ടിടത്തിന്റെ നിർമാണത്തിനായി തുക പി.ഡബ്ല്യൂ.ഡി-യ്ക്ക് കൈമാറിയിട്ടുണ്ട്.ഇതിൽ 25.5 കോടി IRDF-ലോണും 4.5 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.പ്രസ്തുത പ്രവൃത്തിയ്ക്കുള്ള സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്.ദർഘാസ് നടപടികൾ നടന്നുവരുന്നു.

ദേശീയപാതയോരത്തെ സ്ഥിതിചെയ്യുന്ന ആശുപത്രിയായതിനാൽ കേന്ദ്രസഹായത്തോടു കൂടിയുള്ള ട്രോമാകെയർ യൂണിറ്റിനായി 3.6 കോടി രൂപ കേന്ദ്രസഹായം അനുവദിക്കപ്പെട്ടിട്ടുണ്ട്.ഇതിന്റെ നിർമാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

വാഹനാപകടത്തിൽപ്പെട്ട് വരുന്ന രോഗികൾക്ക് Speical facilities ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും ഉള്ള പ്രത്യേക ട്രോമാകെയർ യൂണിറ്റ് നിർമിക്കുന്നതിനായി 21.47 കോടി രൂപ ഇതോടൊപ്പം അനുവദിക്കപ്പെട്ടിട്ടുണ്ട്.

ക്യാൻസർ ചികിത്സാരംഗത്തു അത്യാധുനിക സംവിധാനങ്ങളായ ലീനിയർ ആക്സിലേറ്ററും CT Simulator തുടങ്ങിയവ ഈ ആശുപത്രിയിൽ സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്നു.കൂടാതെ 12 കോടി മുതൽ മുടക്കി MRI സ്കാൻ സ്ഥാപിച്ചിട്ടുണ്ട്.ഇത് സമീപഭാവിയിൽ തന്നെ രോഗികൾക്ക് തുറന്നുകൊടുക്കാനാവുന്നതാണ്.

ഒ.പി നവീകരണത്തിനായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള 2.5 കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.11 കോടി രൂപ മുതൽ മുടക്കി മൾട്ടി ഡിസിപ്ലിനറി ഐ.സി.യു ഉയർന്ന സാങ്കേതിക വിദ്യയുള്ള ഐ.സി.യു 24 മണിക്കൂർ അത്യാഹിത വിഭാഗ ഫാർമസി,ലാബ് ഇവ പ്രവർത്തിക്കുന്നുണ്ട്.

ക്യാൻസർ കെയർ സൊസൈറ്റിയുടെ സഹായത്തോടെ ഒരു CT സ്കാനർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കാർഡിയോളജി വിഭാഗത്തിൽ രോഗികൾക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനായി 50 ലക്ഷം രൂപ മുതൽ മുടക്കിൽ MDUSG, 44 ലക്ഷത്തിന്റെ ഇലക്ട്രോ ഫിസിയോളജി യൂണിറ്റ്,24 ലക്ഷത്തിന്റെ TMT മെഷീൻ,24 ലക്ഷത്തിന്റെ എക്കോമെഷീൻ ഇവ സജ്ജമാക്കിയിട്ടുണ്ട്.

RCC മാതൃകയിലുള്ള ക്യാൻസർ ചികിത്സാ ലഭ്യമാക്കുന്നതിനായി സർജിക്കൽ ഓങ്കോളജി,മെഡിക്കൽ ഓങ്കോളജി,ഓങ്കോപാത്തോളജി എന്നിവയിൽ അധിക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.കൂടാതെ ഓങ്കോളജിയിൽ പ്രത്യേക കെട്ടിടം നിർമിക്കുന്നതിനുള്ള ആദ്യ ഗഡുവായി 3 കോടി രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഈ ആശുപത്രിയെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനായി നെഫ്രോളജി,പീഡിയാട്രിക്സ്,കാർഡിയോളജി,മെഡിസിൻ എന്നീ വിഭാഗങ്ങളിൽ 7

പി.ജി സീറ്റുകൾ അധികമായി അനുവദിക്കപ്പെട്ടിട്ടുണ്ട്.

**കോഴിക്കോട് മെഡിക്കൽ കോളേജിൽ** 44.50 കോടി രൂപ ചെലവിൽ ടെർഷ്യറി ക്യാൻസർ സെന്ററിന്റെ നിർമാണം അവസാന ഘട്ടത്തിലാണ് .

കോഴിക്കോട് മെഡിക്കൽ കോളേജിൽ 100 കോടി രൂപ ചെലവിൽ Quarters,Hostel,Drug House എന്നിവ ഉൾപ്പെടെയുള്ള നിർമ്മാണങ്ങൾ പുരോഗമിക്കുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ 5.8 കോടി രൂപ ചെലവിൽ സ്പെക്ട് സി.ഡി ഗാമ ക്യാമറയും,റേഡിയോളജി വിഭാഗത്തിൽ 6 കോടി രൂപ ചെലവിൽ അത്യാധുനിക 128 സൈസ് കാർഡിയാക് സി.ടി സ്കാനും സ്ഥാപിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി,റേഡിയോഡയഗ്നോസിസ് വിഭാഗങ്ങൾക്ക് വേണ്ടി സി.ടി സിമുലേറ്റർ,ഡി.ആർ സിസ്റ്റം അൾട്രാ സൗണ്ട് സ്കാനർ, പോർട്ടബിൾ ഡിജിറ്റൽ എക്സ്റേ മെഷീൻ എന്നിവ വാങ്ങുന്നതിനു ഭരണാനുമതി നൽകി.

**വയനാട് മെഡിക്കൽ കോളേജിന്റെ** മാസ്റ്റർ പ്ലാനിന്റെ പദ്ധതിയ്ക്ക് (65 കോടിയുടെ) അംഗീകാരത്തിനായി പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

വയനാട് മെഡിക്കൽ കോളേജിന് വേണ്ടിയുള്ള ആക്സസ് റോഡ് നിർമാണത്തിന് 3 കോടി രൂപയുടെ ഭരണാനുമതി സർക്കാർ ഉത്തരവ് നം. 4073/15/ ആ.കു.വ തീയതി 23.12.2015 പ്രകാരം നൽകിയിട്ടുണ്ട്.

അക്സസ് റോഡിന്റെയും ഇന്റേണൽ റോഡിന്റെയും 12.9 കോടി രൂപയുടെ എസ്റ്റിമേറ്റിന് സ.ഉ.(സാധാ) നമ്പർ 1837/18/ആ.കു.വ തീയതി 07.06.2018 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

മറ്റു മെഡിക്കൽ കോളേജുകളിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മഞ്ചേരിയിലെ 500 കിടക്കകളുള്ള ജനറൽ ആശുപത്രിയെ 24.03.2012 -ലെ സ.ഉ.(കൈ) 98/2012/ആ.കു.വ പ്രകാരം മെഡിക്കൽ കോളേജായി ഉയർത്തുകയും 2013 സെപ്തംബർ 01 ന് ടി സർക്കാർ മെഡിക്കൽ കോളേജിൽ 100 വിദ്യാർത്ഥികൾക്കുള്ള ആദ്യ ബാച്ച് എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുകയും ചെയ്തു. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ 2013 മുതൽ നാളിതു വരെ അഞ്ച് ബാച്ചുകളിലായി അഞ്ഞൂറ് എം.ബി.ബി.എസ് വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നു. ടി കോളേജിൽ ഘട്ടം ഘട്ടമായി 271 അനധ്യാപകരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുകയും, 40 തസ്തികകൾ ഔട്ട് സോഴ്സിങ്ങ് വഴി നികത്തിയും 07 തസ്തികകൾ മറ്റുള്ള കോളേജുകളിൽ നിന്നും മാറ്റി സ്ഥാപിച്ചും മഞ്ചേരി മെഡിക്കൽ കോളേജും ആശുപത്രിയും പ്രവർത്തിച്ചു വരുന്നു. നഴ്സിങ്ങ്, പാരാമെഡിക്കൽ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ് .

കൂടാതെ, 2018-19 അധ്യയന വർഷത്തിലേക്കുള്ള എം.ബി.ബി. എസ് പ്രവേശനത്തിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമായിട്ടുമുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇടുക്കി ജില്ലയിലെ പൈനാവിൽ 24.03.2012-ലെ സ.ഉ(കൈ) 98/2012/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ തീരുമാനിക്കുകയും **ഇടുക്കി ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജായി** ഉയർത്തുകയും, ഘട്ടം ഘട്ടമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും, 2014 ൽ 50 വിദ്യാർത്ഥികൾക്കുള്ള ആദ്യ ബാച്ച് എം.ബി.ബി.എസ് കോഴ്സ് തുടങ്ങുകയും, 2015 ൽ രണ്ടാം ബാച്ച് എം.ബി.ബി.എസ് കോഴ്സിനു പ്രവേശനം നൽകുകയും ചെയ്തിരുന്നു.മെഡിക്കൽ കൗൺസിൽ മാനദണ്ഡപ്രകാരമുള്ള നിബന്ധനകൾ പാലിച്ചുകൊള്ളാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് 2014 ൽ ഇടുക്കി മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് അനുമതി നേടിയെടുത്തിരുന്നത്. അദ്ധ്യാപകർ/റസിഡന്റുമാർ/അനദ്ധ്യാപകർ/പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ കുറവ്, മതിയായ കിടക്കകളുള്ള ആശുപത്രിയുടെ അഭാവം, OPD പ്രവർത്തിക്കുന്നതിനാവശ്യമായ സ്റ്റാഫിന്റെ കുറവും സ്ഥല സൗകര്യമില്ലായ്മയും, അത്യാഹിത വിഭാഗത്തിലെ കിടക്കകളുടെ കുറവ്, തീവ്രപരിചരണ വിഭാഗം ഇല്ലാതിരുന്നത്, ലക്ചർ തീയറ്റർ ഇല്ലാതിരുന്നത്, പരീക്ഷാ ഹാളിന്റെയും സെൻട്രൽ ലൈബ്രറി യുടെയും സ്ഥല പരിമിതി, റസിഡൻസ് ഹോസ്റ്റൽ, നഴ്സ് ഹോസ്റ്റൽ, അദ്ധ്യാപക-അനദ്ധ്യാപക വിഭാഗങ്ങൾക്കുള്ള ക്വാർട്ടേഴ്സ് എന്നിവയുടെ അപര്യാപ്തത, ക്ലിനിക്കൽ സൗകര്യങ്ങളുടെ അഭാവം തുടങ്ങി നിരവധി പോരായ്മകൾ കാരണവും മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കാത്തതുമായിരുന്നു ഇടുക്കി മെഡിക്കൽ കോളേജിന് അംഗീകാരം 2016 വർഷം ആദ്യം തന്നെ നഷ്ടപ്പെടുന്നതിന് കാരണമായിതീർന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് അവരെ മറ്റ് മെഡിക്കൽ കോളേജുകളിലേക്ക് മാറ്റുകയും ടി കോളേജിന്റെ പ്രവർത്തനം താത്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ 2019-2020 അധ്യയന വർഷത്തിൽ എം.ബി.ബി.എസ് കോഴ്സ് (50 സീറ്റ്) പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ജനറൽ ആശുപത്രി സ്ഥിതി ചെയ്യുന്ന 40 ഏക്കർ ഭൂമി സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് (മെഡിക്കൽ വിദ്യാഭ്യാസം) കൈമാറി നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് നൽകിയിട്ടുണ്ട്. മതിയായ കിടക്കകളുള്ള ആശുപത്രി കെട്ടിടവും അക്കാദമിക് ബ്ലോക്കും റസിഡൻഷ്യൽ സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇടുക്കി മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സ് പുനരാരംഭിക്കുന്നതിനാവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**